പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന സ്റ്റൈപ്പന്റു് ലംപ്സം ഗ്രാന്റും 1-12-1984 മുതൽ 30% കണ്ട് വർദ്ധിപ്പിച്ചിട്ടുണ്ട്. മെസ്ചാർജും ഈ തോതിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ഹോസ്റ്റൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ നടപടി എടുത്തിട്ടുണ്ട്.

മറ്റാവശ്യങ്ങളിൻമേൽ നടപടികൾ എടുക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

സംസ്ഥാന ട്രൈബൽ ബോർഡ്

440 [554] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള സംസ്ഥാന ട്രൈബൽ ബോർഡ് എത്ര പ്രാവശ്യം കൂടിയിട്ടുണ്ട് ;

(ബി) എന്തെല്ലാം തീയതികളിൽ ?

ഉത്തരം

(എ) രണ്ട് പ്രാവശ്യം.

(ബി) 2-5-1984, 8-4-1985 എന്നീ തീയതികളിൽ.

തണ്ടാർ എന്ന സ്ഥാനപ്പേരോടുകൂടി അറിയപ്പെടുന്നവർക്ക് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യങ്ങൾ

441. [555] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാർ പ്രദേശത്തെ ഈഴവ-തീയ്യ സമുദായത്തിൽപ്പെട്ടവരായ തണ്ടാർ എന്ന സ്ഥാനപ്പേരോടുകൂടി അറിയപ്പെടുന്നവർക്ക് പട്ടികജാതി-പട്ടികവർഗ്ഗക്കാർക്കുള്ള ആനുകൂല്യങ്ങൾ ഈ സർക്കാർ നൽകുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലാണ് ഈ ആനുകൂല്യങ്ങൾ നൽകുന്നത് ;

(സി) എന്നു മുതൽക്കാണ് ഈ ആനുകൂല്യങ്ങൾ നൽകി തുടങ്ങിയത് ; ഇവർക്ക് നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഇല്ല.

(ബി) ആൻറ് (സി) ചോദ്യം ഉദിക്കുന്നില്ല.

വെട്ടുവർ സമുദായത്തിന് ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

442. [556] ശ്രീ. എൻ. ശക്തൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെയ്യാറ്റിൻകര താലൂക്കിലുള്ള വെട്ടുവർ സമുദായത്തിന് കഴിഞ്ഞവർഷം വരെ ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസ ആനുകൂല്യം ഈ വർഷം മുതൽ നിറുത്തിവയ്ക്കാനുള്ള കാരണം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly